# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.റ്റി.വി. IAS)

വിഷയം :വനിതാ ശിശുവികസന വകുപ്പ് - 2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് – പട്ടാമ്പി അഡീഷണൽ ICDS പ്രോജക്ടിലെ 66-ാം നമ്പർ അങ്കണവാടിയ്ക്ക് പുതുക്കിയ പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 16/3/19 ലെ ICDS/A7/3187/16 നമ്പരായുള്ള ഉത്തരവ്.
2) 4/11/19 തീയതിയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം.
3) 24/2/2020 തീയതിയിലെ സ.ഉ.(സാധാ)നം.104/2020/സാനീവ. നമ്പർ ഉത്തരവ്.

**ഉത്തരവ് നം. ICDS/A7/31330/19, തീയതി: 10..3..2020**

2016-17 സാമ്പത്തിക വർഷം 4235-02-102-96(P) ശീർഷകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെയായി 200 അങ്കണവാടി കെട്ടിടങ്ങൾ 14.50 ലക്ഷം രൂപ നിരക്കിൽ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും, ടി കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല PWD യ്ക്ക് നൽകുകയും ചെയ്തിരുന്നു. 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 745 ചതുരശ്ര അടിയിൽ നിർമ്മാണം നടത്തുന്ന ഈ കെട്ടിടത്തിന്റെ 60% തുക PWD യും 40% തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി ലഭ്യമായ പട്ടാമ്പി അഡീഷണൽ ICDS ലെ 66-ാം നമ്പർ അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലത്ത് വകുപ്പിന്റെ നിർദ്ദിഷ്ട പ്ലാനിൽ കെട്ടിട നിർമ്മാണം നടത്താൻ സാധിക്കാത്തതിനാൽ PWD അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ പുതുക്കിയ പ്ലാൻ (613 Sq. feet) പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പട്ടാമ്പി അഡീഷണൽ ICDS പ്രോജക്ടിലെ 66-ാം നമ്പർ അങ്കണവാടിയ്ക്ക് PWD അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പുതുക്കിയ പ്ലാൻ പ്രകാരം 613 Sq. feet -ൽ 14.50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്
**വനിതാ ശിശുവികസന ഡയറക്ടർ**

ചീഫ് എഞ്ചിനീയർ
(PWD കെട്ടിട വിഭാഗം), തിരുവനന്തപുരം

**പകർപ്പ്**

1. പ്രോഗ്രാം ഓഫീസർ, പാലക്കാട്
2. CDPO, പട്ടാമ്പി അഡീഷണൽ
3. പ്രസിഡന്റ്, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്
4. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

AN